# ഗവ. എൽ.പി സ്കൂൾ

# പാലത്തുള്ളി

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# ആമുഖം

ഗ്രാമീണതയുടെ നിഷ്കളങ്കത ഇപ്പോഴും സൂക്ഷിച്ചുവരുന്ന പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ പാലത്തുള്ളി എന്ന ഗ്രാമത്തിലെ ഏക സർക്കാർ വിദ്യാലയം. പാലത്തുള്ളി ഗവ. എൽ.പി സ്കൂൾ 1924 നവംബർ മാസത്തിൽ സ്ഥാപിതമായി. ബോർഡ് എലിമെന്ററി സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച വർഷം ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിലായി 122 കുട്ടികൾ പ്രവേശനം നേടി.

1963 മെയ് മാസത്തിലാണ് Govt. Lower primary school എന്ന് പുനർനാമകരണം ചെയ്തത്. ആ വർഷം 88 കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി. അന്നു മുതൽ ഇന്നുവരെ ഓരോ ഡിവിഷനിലായി നാല് ക്ലാസ്സുകളും പ്രവർത്തിച്ചു വരുന്നു. 1980-1990 വർഷങ്ങളിൽ ഒരു അറബി തസ്തിക ഉണ്ടായിരുന്നു. തുടർന്ന് വന്ന വർഷങ്ങളിൽ അറബി അധ്യാപിക തസ്തിക ഇല്ലാതായി. 2006 മുതൽ പ്രീ-പ്രൈമറി വിഭാഗം

പ്രവർത്തനം ആരംഭിച്ചു.

നീണ്ട തൊണ്ണൂറ് വർഷം വാടക കെട്ടിടത്തിൽ പ്രവർത്തിച്ച വിദ്യാലയം 2014 ഫെബ്രുവരി 12ന് സ്വന്തം കെട്ടിടമെന്ന ചിരകാല സ്വപ്നം യാഥാർഥ്യമായി. 23 സെന്റ് സ്ഥലത്തിൽ ഓഫീസ് മുറി, 5 ക്ലാസ്സ് മുറികൾ, സ്റ്റേജ് കം ക്ലാസ്സ്റൂം, അടുക്കള - സ്റ്റോറൂം, ഹാൾ, 5 ടോയ്‌ലറ്റ്, 2 യൂറിനൽ എന്നീ സൗകര്യ-ങ്ങളോടെ വിദ്യാലയം തലയുയർത്തി നിൽക്കുന്നു.

പെരുവെമ്പ് പഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയത്തിലേക്ക് തത്തമംഗലം, പെരുവെമ്പ് എന്നിവിടങ്ങളിൽ നിന്നും 3 കിലോമീറ്റർ ദൂരമുണ്ട്.

മേട്ടുത്തെരുവ്, പുക്കോട്, ചെറാട് കറുകമണി, കല്ലംപൊറ്റ, ക്ലാന്തറ എന്നിവിടങ്ങളിൽ നിന്നുമാണ് കുട്ടികൾ കൂടുതലായും സ്കൂളിൽ എത്തുന്നത്.

നിലവിൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസുവരെ 70 കുട്ടികൾ സ്കൂളിൽ വിദ്യ അഭ്യസിച്ചുവരുന്നു. പ്രധാനാധ്യാപിക ഉൾപ്പെടെ 4 അധ്യാപകരും PTCM, COOK പ്രീപ്രൈമറി ടീച്ചർ എന്നിവർ ഉൾപ്പെടതാണ് സ്കൂളിലെ ജീവനക്കാർ.

2024 ൽ സ്കൂൾ 100 വർഷം പിന്നിട്ടു ആ ഒരു വർഷം വിവിധ പദ്ധതികളോട് കൂടി സ്കൂളിന്റെ നൂറാം വാർഷികം ആഘോഷിച്ചു. അറബി പഠനത്തിന് തുടക്കം കുറിച്ചതും ഈ വർഷം തന്നെയായിരുന്നു. 2025 ജൂണിൽ സ്കൂളിലേക്ക് ഒരു അറബി തസ്തിക കിട്ടി. ഇന്റർവ്യൂവിലൂടെ താത്കാലിക അധ്യാപക നിയമനവും നടത്തി.

പഞ്ചായത്തിലെ ഫണ്ടിൽ നിന്നും മൂന്ന് ക്ലാസ്മുറികൾ, അടുക്കള, സ്റ്റോറൂം എന്നിവ ടൈലിടുകയും സ്കൂൾ മൈതാനം ഇന്റർലോക്ക് ചെയ്യുകയും ചെയ്തു. ഇത് സ്കൂളിന്റെ മുഖച്ഛായ തന്നെ മാറ്റി.

വിദ്യാലയത്തിന്റെ ഇന്നത്തെ പുരോഗതിക്ക് എല്ലാ വിധ സഹായ സഹകരണങ്ങളും നൽകിവരുന്ന നല്ലവരായ രക്ഷിതാക്കൾ, ഉദാരമതികളായ നാട്ടുകാർ, ജനപ്രതിനിധികൾ വിവിധ ക്ലബ്ബുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സ്തുത്യർഹമായ സേവനം വിദ്യാലയത്തിന് ചാരിതാർത്ഥ്യം നൽകുന്നു.

വിദ്യാലയത്തിന്റെ എല്ലാ വിധ നേട്ടങ്ങൾക്കും നിരന്തരം പ്രവർത്തിച്ചുവരുന്ന പ്രധാന അധ്യാപികയും അധ്യാപകരും ദൈനംദിന കാര്യങ്ങളിൽ സത്വര ശ്രദ്ധ ചെലുത്തുന്ന SMC, SSG, MPTA ജാഗ്രതാ സമിതി അംഗങ്ങളും വിദ്യാലയത്തിന്റെ പുരോഗതിക്കും വിജയത്തിനും മുതൽക്കൂട്ടാണ്.

സ്കൂളിന്റെ സർവ്വതോൻമുഖമായ വളർച്ചയിൽ തുടർന്നും ഇവരുടെയെല്ലാം സഹായ സഹകരണങ്ങൾ ഉണ്ടാവുമെന്ന ആത്മവിശ്വാസം അധ്യാപകരെ കൂടുതൽ ഊർജ്ജസ്വലരും കർമ്മനിരതരും ആക്കുന്നു.

# ലക്ഷ്യങ്ങൾ

പാലത്തുള്ളി ഗവ. എൽ.പി സ്കൂളിൽ നിന്നും പഠിച്ചിറങ്ങുന്ന എല്ലാ കുട്ടികളെയും വായന, ലേഖനം, ചതുഷ്ക്രിയകൾ, അടിസ്ഥാന ഇംഗ്ലീഷ് ശാസ്ത്രചിന്ത എന്നിവയിൽ നിപുണരാക്കും. കുട്ടികളെ ജനാധിപത്യ മൂല്യങ്ങളും നല്ല സാമൂഹിക ബോധമുള്ള കുട്ടികളാക്കി മാറ്റും.

# വെല്ലുവിളികൾ

* സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഗ്രാമന്തരീക്ഷമാണ് 90% കുട്ടികളുടെയും.
* കുട്ടികൾക്ക് വീട്ടിലിരുന്ന് വായിച്ച് പഠിക്കാനുള്ള സാഹചര്യം ഒരുക്കാൻ രക്ഷിതാക്കൾക്കും കഴിയുന്നില്ല.
* വീട്ടിൽ തമിഴ്/തെലുങ്ക് എന്നിവ സംസാരിക്കുന്ന വിദ്യാർത്ഥികൾ മലയാള ഭാഷ കൈകാര്യം ചെയ്യാൻ പ്രയാസം നേരിടുന്നു.
* ശിശുസൗഹൃദ ക്ലാസ്സ്റൂം ഇല്ല.
* ഇംഗ്ലീഷ് മീഡിയം ഇല്ലാത്തത്, അഡ്മിഷൻ കുറയുന്നതിന് ഒരു കാരണമാണ്.
* പ്രീപ്രൈമറി അധ്യാപകർക്ക് ഓണറേറിയം ലഭിക്കുന്നില്ല. അതുകൊണ്ട് പാഠ്യപദ്ധതി വിഭവങ്ങളും ലഭിക്കുന്നില്ല.
* കമ്പ്യൂട്ടർ പഠനത്തിനും മറ്റും സ്മാർട്ട് ക്ലാസ്സ്റൂം നിലവിലില്ല.

## മുൻ വർഷങ്ങളിലെ കുട്ടികളുടെ എണ്ണം.

| വർഷം | കുട്ടികളുടെ എണ്ണം | |
|---|---|---|
| | 1—4 | Pre-primary. |
| 2021-2022 | 52 | 29 |
| 2022-2023 | 54 | 29 |
| 2023-2024 | 55 | 22 |
| 2024-2025 | 53 | 20 |
| 2025-2026 | 49 | 21 |

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 5 | 5 | 10 |
| II | 3 | 9 | 12 |
| III | 9 | 7 | 16 |
| IV | 8 | 3 | 11 |
| Pre-Primary | 6 | 15 | 21 |

| | |
|---|---|
| HM | 1 |
| അധ്യാപകരുടെ എണ്ണം | 3 |
| PTCM | 1 |
| COOK | 1 |
| Arabic- താത്കാലിക അധ്യാപിക. | 1 |

# പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | പാട്ടുകളും കഥകളും കുട്ടി കൂട്ടങ്ങളിൽ വായിക്കൽ | ജൂൺ to മാർച്ച് | ക്ലാസ്സ് ടീച്ചർ | SMC |
| എല്ലാവരെയും വായനാ ശീലമുള്ളവരാക്കി മാറ്റുക. | എല്ലാ ദിവസവും ഉച്ചഭക്ഷണത്തിനു ശേഷം പത്രം, ബാലമാസികകൾ വായനാ കാർഡ്, ലൈബ്രറി പുസ്തകങ്ങൾ എന്നിവ നൽകി എല്ലാവരെയും വായിക്കാൻ പ്രേരണ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | HM, ക്ലാസ്സ് ടീച്ചർ |
| എല്ലാവരെയും മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | പ്രീടെസ്റ്റ് നടത്തി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുക. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | HM ക്ലാസ്സ് Monitoring ചെയ്യുന്നു. |
| വായനാ കൂട്ടം, വായന പ്രോത്സാഹിപ്പിക്കുക. | ബാലപ്രസിദ്ധീകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വായിച്ച് വായനാ കുറിപ്പുകൾ ഉണ്ടാക്കുന്നു. | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | HM, class teac |
| കാവ്യങ്ങൾ ആസ്വാദനത്തോടെ ചൊല്ലാൻ പ്രാപ്തരാക്കുക. | കാവ്യമേളകൾ, കവിതകൾ പരിചയപ്പെട്ട് Assemblyയിൽ ചൊല്ലി അവതരിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | HM |

| | | | | |
|---|---|---|---|---|
| സാഹിത്യ പതിഭകളെ തിരിച്ചറിയാം. | കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം പുസ്തകം പരിചയപ്പെടൽ | ജൂൺ, ജൂലൈ | അധ്യാപകർ | SMC |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയൽ | പ്രദേശവാസികളായ കലാകാരൻ മാരുടെ സേവനം, ഡോക്യുമെന്ററി പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | SMC. |
| പതിപ്പുകൾ തയ്യാറാക്കി സർഗാത്മകത തിരിച്ചറിയാം. | കുട്ടികളിലെ സർഗാത്മകതയെ തട്ടിയുണർത്താൻ പാഠഭാഗവുമായി ബന്ധപ്പെട്ട കഥ, കവിത സംഭാഷണം എന്നിവ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ | | | |
| എല്ലാവരെയും മികച്ച എഴുത്തുകാരാക്കി മാറ്റുക. | കഥ പൂർത്തിയാക്കുക, ചുമർ പത്രിക തയ്യാറാക്കുക, ഡയറി കുറിപ്പുകൾ തയ്യാറാക്കുക. | മാസത്തിൽ ഒന്ന്. | ക്ലാസ്സ് ടീച്ചർ | HM, PTA |
| പ്രസംഗത്തിലുള്ള പാടവം വളർത്തിയെടുക്കുക. | ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് പ്രസംഗം അവതരിപ്പിക്കണം. | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | HM |

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പരിചയം ഉണ്ടാക്കുവാനുള്ള അവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | SSA |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷാ സംസാരിക്കാനുള്ള അവസരമൊരുക്കൽ | English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | HM. |
| എല്ലാ കുട്ടികളിലും ഇംഗ്ലീഷ് ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനും പ്രാപ്തരാക്കൽ. | ഇംഗ്ലീഷ് ഡയറി എഴുതൽ, പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | HM. |
| ഇംഗ്ലീഷ് vocabulary വികസിപ്പിക്കൽ | My Little Dictionary.<br>പാഠഭാഗത്തു നിന്നും കണ്ടെത്തുന്ന പുതിയ പദങ്ങൾ ഉപയോഗിച്ച് നിഘണ്ടു തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ, skit, Drama, conversation, story telling എന്നിവ. | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | HM. |
| ഇംഗ്ലീഷ് ഭാഷയിലെ രചനാമികവ് വളർത്തൽ | ജൂണിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ പങ്കുവെച്ച് കത്ത് തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ഉയർന്ന പാരിസ്ഥിതികാവബോധമുള്ളവരാക്കി മാറ്റും. | ജൈവ പച്ചക്കറി തോട്ടം നിർമ്മിക്കൽ, ആവാസ വ്യവസ്ഥ നിരീക്ഷിക്കുന്ന ജൈവ വൈവിധ്യോദ്യാനം നിരീക്ഷിക്കൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ, രക്ഷിതാവ് | HM, SMC PTA |
| എല്ലാ കുട്ടികളെയും ജല-സംരക്ഷണ ബോധമുള്ളവരാക്കി മാറ്റുക. | പൂന്തോട്ടത്തിലേക്കും പച്ചക്കറിത്തോട്ടത്തിലേയ്ക്കും ഉപയോഗ ശൂന്യമായ വെള്ളം തിരിച്ചു വിടാനുള്ള ചാല് നിർമ്മിക്കുക. | ജൂൺ, ജൂലൈ | ക്ലാസ്സ്ടീച്ചർ രക്ഷിതാവ് | SSG MPTA |
| ശാസ്ത്രാവബോധം വളർത്തുക. | ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുക | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപ-യോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ, ജൂലൈ ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ, രക്ഷിതാവ് | HM SMC |

| | | | | |
|---|---|---|---|---|
| പ്രകൃതിയെ അറിയുവാനും ആസ്വദിക്കുന്നതിനുമുള്ള പ്രോത്സാഹനം | പൂന്തോട്ടം, പച്ചക്കറിത്തോട്ടം പരിസരം എന്നിവ നിരീക്ഷിക്കുക. | സെപ്റ്റംബർ ഒക്ടോബർ | SRG ക്ലാസ്സ്ടീച്ചർ | SMC |
| കുട്ടികളിൽ ശുചിത്വബോധം സൃഷ്ടിക്കുക. | ശുചിത്വവുമായി ബന്ധപ്പെട്ട സർവ്വേ, പോസ്റ്റർ എന്നിവയുടെ നിർമ്മാണം | ഒക്ടോബർ നവംബർ | ക്ലാസ്സ്ടീച്ചർ രക്ഷിതാവ് | SMC PTA |
| നിരീക്ഷണം, അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ, കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | HM ക്ലാസ്സ്ടീച്ചർ | PTA |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവയുടെ ശേഖരണവും പ്രദർശനവും | നവംബർ ഡിസംബർ | SRG ക്ലാസ്സ് ടീച്ചർ | HM |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | ഭൂപടവായന ഭൂപടരചന | ജനുവരി ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | HM SMC. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ നിർമ്മാണം ഗണിത ക്വിസ് | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |
| കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ പ്രാപ്തരാക്കി മാറ്റും. | പരിചിതമായ വസ്തുക്കളുമായി ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. വർക്ക് ഷീറ്റുകൾ നൽകൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | HM PTA |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതിക്കണക്കുകൾ, ഗണിത പസിലുകൾ പരിചയപ്പെടൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | HM |
| ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് | വിവിധ ജ്യാമിതീയരൂപങ്ങളുടെ ഫാബ്രിക് പെയിന്റിംഗ് | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | HM |

| | | | | |
|---|---|---|---|---|
| പണമിടപാടുകളെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക. | കളിനോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | നവംബർ ഡിസംബർ | ക്ലാസ്സ് ടീച്ചർ | HM. |
| ഗണിത ശേഷികളുടെ പ്രകടനം നടത്തുക. | പസിൽ, പാറ്റേൺ എന്നിവ നിർമ്മിക്കൽ. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | HM. |
| എല്ലാ കുട്ടികളെയും നല്ല കായികക്ഷമതയുള്ളവരാക്കി മാറ്റുക. | ഹെൽത്ത് ചെക്കപ്പ്, ഹെൽത്ത് കാർഡ് തയ്യാറാക്കൽ, എല്ലാ കുട്ടികളുടെയും അഭിരുചിക്കനുസരിച്ച് വിവിധ കായിക മത്സരങ്ങൾക്ക് പരിശീലനം നൽകുക. | ഡിസംബർ ജനുവരി | ക്ലാസ്സ് ടീച്ചർ | HM. |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ മുന്നേറാനുള്ള കഴിവ് വളർത്തുക | LSS സ്കോളർഷിപ്പ് പരീക്ഷക്കായി വിവിധ വിഷയങ്ങളുടെ തയ്യാറെടുപ്പ്, മാതൃകാ പരീക്ഷകൾ, പരിശീലനം എന്നിവ നൽകൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | HM. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG | PTA |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | SRG | HM |
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി പ്രശ്നപരിഹാരം ചെയ്യൽ | സ്കൂളിൽ പരാതിപ്പെട്ടി സ്ഥാപിക്കൽ | വർഷം മുഴുവൻ | HM അധ്യാപകർ | PTA |
| കുട്ടികളിൽ കലാവാസന വളർത്തൽ | സ്കൂളിൽ ബാലസഭകൾ, സർഗ്ഗവേളകൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM അധ്യാപകർ | PTA. |
| കുട്ടികളിൽ സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തൽ | ഓരോ ക്ലാസിലും കമ്പ്യൂട്ടർ വെക്കുകയും കുട്ടികളെ അവ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുക | വർഷം മുഴുവൻ | അധ്യാപകർ | HM. |